# US PROFILES



## ഡോ.ആനി പോൾ





# ഡോ.ആനി പോൾ

## സ്വപ്നങ്ങൾ കാണൂ; അതിനായി പ്രവർത്തിക്കൂ... വിജയം നിങ്ങളുടേതായിരിക്കും

മീട്ടു റഹ്മത്ത് കലാം

കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക് ചേക്കേറുന്ന നഴ്സുമാരുടെ ചിറകുകൾക്ക് കരുത്ത് പകരുന്നതാണ് ഡോ.ആനി പോളിന്റെ ജീവിതം. പ്രതിബന്ധങ്ങളെ പുഞ്ചിരിയോടെ നേരിട്ട്, റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ പദവി വരെ എത്തിച്ചേർന്ന അവരുടെ അനിതരസാധാരണമായ യാത്രാപഥം ഏത് മലയാളിയെയും പ്രചോദിപ്പിക്കും...




**അമേരിക്കയിലേക്ക് കുടിയേറുന്നതിന് മുൻപുള്ള ജീവിതം?**

മൂവാറ്റുപുഴയിലെ കല്ലൂർക്കാട് എന്ന ഗ്രാമത്തിലെ യാഥാസ്ഥിക ക്രിസ്ത്യൻ കുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. ജോൺ ജോർജ്ജ് നെടുങ്കല്ലേൽ എന്നാണ് അപ്പന്റെ പേര്. അമ്മ മേരി ജോർജ്ജ്. ഞങ്ങൾ പന്ത്രണ്ടു മക്കളെയും സ്വയംപര്യാപ്തരായാണ് അവർ വളർത്തിയത്. പെൺമക്കൾ അടുക്കളപ്പണിയിലും വീട്ടുജോലിയിലും സഹായിക്കുമ്പോൾ ആൺമക്കൾ തൊഴുത്തിലെ പണികളും പശുപരിപാലനവും നടത്തിയിരുന്നു. കിണറ്റിൽ നിന്ന് വെള്ളം കോരുന്നതുൾപ്പെടെയുള്ള പല കാര്യങ്ങളും ഓരോരുത്തരും മാറിമാറി ചെയ്തുപോന്നു.

അപ്പോഴും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകാൻ മറന്നില്ല. വെളുപ്പിനുണർന്ന് പള്ളിയിൽ പോയി പ്രാർത്ഥിച്ച് വന്ന്, പ്രാതൽ ഒരുമിച്ച് കഴിക്കണം എന്നുൾപ്പെടെ ദൈനംദിന കാര്യങ്ങളിൽ വലിയ നിഷ്ഠകൾ ഉണ്ടായിരുന്നു.

സെന്റ് അഗസ്റ്റിൻസ് സ്കൂളിലായിരുന്നു



പ്രാഥമിക വിദ്യാഭ്യാസം. വീട്ടിൽ നിന്ന് പത്തുമിനിറ്റ് നടന്നാൽ സ്കൂളിൽ എത്താം. സ്കൂൾ വിട്ടാൽ നേരെ വീട്ടിൽ എത്തണമെന്നും ഉപദേശിച്ചിരുന്നു. രാത്രി വിളക്കുകത്തിച്ച് ഞങ്ങൾ സഹോദരങ്ങൾ പഠിക്കാൻ നിരന്നിരിക്കുമ്പോൾ, ഓരോരുത്തരെയും അപ്പൻ സൂക്ഷ്മമായി നിരീക്ഷിക്കും. ഇടയ്ക്ക് മയങ്ങുന്നുണ്ടോ എന്നെല്ലാം കൃത്യമായി കണ്ടുപിടിക്കും.

പാഠ്യേതര പ്രവർത്തനങ്ങളിലും മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ചിരുന്നു. അമ്മ നന്നായി പാടും. സഹോദരങ്ങളിൽ പലർക്കും ആ കഴിവ് കിട്ടിയിട്ടുണ്ട്. പിതാവ് വോളിബോൾ പ്ലെയറായിരുന്നതുകൊണ്ട് സ്പോർട്സിലും പ്രോത്സാഹിപ്പിച്ചു.കലയോടും സാഹിത്യത്തോടും എനിക്ക് കുട്ടിക്കാലം മുതൽ താല്പര്യമുണ്ട്. അമ്മ എഴുതി തന്നിരുന്ന പ്രസംഗങ്ങൾ മനഃപാഠമാക്കി, പല മത്സരങ്ങളിലും സമ്മാനം വാങ്ങിയിട്ടുണ്ട്. സഭാകമ്പമില്ലാതെ ഏത് വിഷയത്തെക്കുറിച്ചും ഒരു വേദിയിൽ നിന്ന് സംസാരിക്കുമ്പോൾ ഞാൻ അതൊക്കെ നന്ദിയോടെ ഓർക്കും. നിർമ്മല കോളജിൽ നിന്ന് പ്രീഡിഗ്രി പാസായ ശേഷമാണ് നഴ്സാകാൻ മോഹമുദിച്ചത്. നിർമ്മല കോളജ് എന്റെ പേരപ്പൻ പണികഴിപ്പിച്ചതാണ്. ഞങ്ങളുടെ കുടുംബത്തിൽ നഴ്സിംഗ് പഠിക്കാൻ വിടുന്നതിനോട് വലിയ എതിർപ്പായിരുന്നു. എഴുപതുകളുടെ തുടക്കത്തിൽ, പെൺകുട്ടികൾ നഴ്സായാൽ ചീത്തപ്പേര് കേൾപ്പിക്കുമെന്ന് പരക്കെ ഒരു ധാരണ നിലനിന്നിരുന്നു. എന്നാൽ, അപ്പൻ എന്റെ ആഗ്രഹത്തിനൊപ്പം നിന്നു. എവിടെപ്പോയാലും എന്റെ മകൾ നല്ല രീതിയിലേ ജീവിക്കൂ എന്ന് എനിക്ക് വേണ്ടി അദ്ദേഹം മറ്റുള്ളവരോട് വാദിച്ചു. ആ വിശ്വാസം ഒരിക്കലും ഞാൻ തെറ്റിച്ചിട്ടുമില്ല. ഡൽഹിയിൽ ഏഴുവർഷം ജോലി ചെയ്തു. 1980 ൽ മികച്ച സ്റ്റാഫ് നഴ്സിനുള്ള അവാർഡ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിര ഗാന്ധിയിൽ നിന്ന് ഏറ്റുവാങ്ങിയപ്പോൾ വല്ലാത്ത അഭിമാ















നം തോന്നി. ഇന്ത്യയുടെ ഉരുക്കുവനിതയെ അത്ര അടുത്ത് കാണാൻ സാധിച്ചത് മറക്കാനാവില്ല. എല്ലാ പത്രങ്ങളിലും ഫോട്ടോ സഹിതം വാർത്ത വന്നു. എന്നിൽ വിശ്വാസമർപ്പിച്ച അപ്പന്, മകളെന്ന നിലയിൽ നൽകാൻ കഴിഞ്ഞ വലിയൊരു സമ്മാനം തന്നെയായിരുന്നു അത്. നഴ്സിംഗ് ജോലിയെക്കുറിച്ച് വീട്ടുകാർക്കും നാട്ടുകാർക്കും മതിപ്പുണ്ടാകാനും അത് സഹായകമായി. കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന ആഗ്രഹം എന്റെ ഉള്ളിൽ നിറയ്ക്കാനും ആ അംഗീകാരം വഴിയൊരുക്കി.

**വിവാഹശേഷമാണോ അമേരിക്കയിലേക്ക് പറന്നത്?**

അതെ. 1982 ലാണ് അമേരിക്കയിലെത്തുന്നത്. അപ്പോഴേക്കും വിവാഹം കഴിഞ്ഞ് രണ്ടുമക്കളും ജനിച്ചിരുന്നു. ഞാനാണ് ആദ്യം എത്തിയത്. ഭർത്താവ് അഗസ്റ്റിൻ പോൾ ഡൽഹിയിൽ നിന്നാണ് നിയമബിരുദം നേടിയത്. അദ്ദേഹം പിന്നീടാണ് വന്നത്. ബ്രിട്ടീഷ് ഹൈകമ്മീഷനിൽ നല്ല ജോലി ലഭിച്ചതുകൊണ്ടാണ് അഭിഭാഷകനായി തുടരാതിരുന്നത്. തുടർന്ന് മക്കളായ മറീനയ്ക്കും ശബാനയ്ക്കും വിസ ലഭിച്ചു. ഇളയ മകൾ നടാഷ ജനിച്ചത്, അമേരിക്കയിലേക്ക് കുടിയേറിയ ശേഷമാണ്. ഇവിടെ എത്തുമ്പോൾ നഴ്സിംഗ് ഡിപ്ലോമ മാത്രമായിരുന്നു കൈമുതൽ. പിന്നീട്, ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ ബിരുദം നേടി. ന്യൂയോർക്ക് മെഡിക്കൽ കോളജിൽ നിന്ന് പബ്ലിക് ഹെൽത്തിൽ ബിരുദാനന്തര






ബിരുദവും സ്വന്തമാക്കി. തുടർന്ന് പീഡിയാട്രിക് നേഴ്സ് പ്രാക്റ്റീഷനാറായി. സമ്പൂർണ മുലയൂട്ടലിന് അമ്മമാരെ എങ്ങനെ പ്രോത്സാഹിപ്പിക്കാം എന്ന വിഷയത്തിൽ ഡോക്ടറേറ്റും നേടി.ന്യൂയോർക്കിലെ ഡൊമിനിക്കൻ യൂണിവേഴ്സിറ്റിയിൽ ക്ലിനിക്കൽ പ്രൊഫസറായും പ്രവർത്തിക്കുന്നു.

ഡോക്ടറേറ്റ് നേടാൻ അങ്ങനൊരു വിഷയം തിരഞ്ഞെടുക്കാൻ സ്വാധീനിച്ചത് പീഡിയാട്രിക് നഴ്സിംഗ് രംഗത്തെ പരിചയസമ്പത്താണോ മൂന്ന് പെൺമക്കളുടെ അമ്മ എന്ന നിലയിലെ അനുഭവമാണോ?

നഴ്സിംഗ് രംഗത്തെ അനുഭവം തന്നെയാണ്. കുഞ്ഞുങ്ങളെ ആറുമാസം സമ്പൂർണ്ണമായി മുലയൂട്ടുന്നതിന് (Exclusively Breast Feeding) അമ്മമാരെ എങ്ങനെ പ്രേരിപ്പിക്കാം എന്നതിനെപ്പറ്റിയായിരുന്നു എന്റെ പഠനം.

മുലപ്പാലിന്റെ ഗുണങ്ങളെപ്പറ്റിയും അത് നൽകേണ്ട വിധങ്ങളെപ്പറ്റിയും പലർക്കും അറിയില്ല. മാതൃത്വത്തിന്റെ പ്രാരംഭഘട്ടത്തിൽ, സ്ത്രീകൾ കടന്നുപോകുന്ന ബുദ്ധിമുട്ടുകളെ എങ്ങനെ നേരിടാം എന്നതിനെപ്പറ്റിയും ബോധവത്കരണം നൽകിയാൽ, ആറുമാസം സമ്പൂർണ്ണ മുലയൂട്ടൽ സാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജോലിസ്ഥലങ്ങളിൽ ബ്രസ്റ്റ് ഫീഡിംഗ് മദേഴ്സിന് പമ്പിംഗിനുള്ള സൗകര്യങ്ങളുണ്ട്. ഇതുകൂടാതെ ഷോപ്പിംഗ് മാളുകൾ അടക്കം പൊതു ഇടങ്ങളിൽ, അമ്മമാർക്ക് ഫീഡിങ് ഏരിയകളും ഒരുക്കേണ്ടതുണ്ട്.





**ഏതെങ്കിലും ഘട്ടത്തിൽ വിവേചനം നേരിട്ടിട്ടുണ്ടോ?**

ഞാൻ താമസിക്കുന്ന റോക്ക്ലാൻഡ് കൗണ്ടിയിൽ ജൂതരും വൈറ്റ്സുമാണ് കൂടുതൽ. സ്വാഭാവികമായും നമ്മൾ മുന്നോട്ടുവരുന്നതിൽ പലർക്കും അതൃപ്തി തോന്നാം. ആ വഴി ചിന്തിക്കുന്നത് നമ്മുടെ മനസ്സ് അസ്വസ്ഥമാക്കുന്നതിനും പിന്നോട്ട് വലിക്കുന്നതിനും മാത്രമേ ഇടയാക്കൂ. നമ്മുടെ കഴിവിൽ ആത്മാർത്ഥമായി വിശ്വസിക്കുകയും അങ്ങേയറ്റം പ്രയത്നിക്കുകയും ചെയ്താൽ, നമ്മൾ അംഗീകരിക്കപ്പെടുക തന്നെ ചെയ്യും. കഴിവുള്ളവരെ എക്കാലവും മാറ്റി നിർത്താൻ സാധിക്കില്ല.



നഴ്സ് ആയിരിക്കെ ഉള്ളൊരു അനുഭവം പറയാം. ഒപ്പമുണ്ടായിരുന്ന ഒരു നഴ്സിന് ഒരു കാര്യത്തെക്കുറിച്ച് സംശയം തോന്നി. എനിക്കതിനുള്ള ഉത്തരം അറിയാമായിരുന്നു. ഇന്ത്യക്കാരിയായ നഴ്സ് എന്ന നിലയിൽ എനിക്ക് അതറിയാൻ സാധ്യതയില്ലെന്ന ധാരണയിൽ മറ്റെല്ലാവരോടും സംശയം പങ്കുവച്ചിട്ടും എന്നോട് മാത്രം അവർ ഒന്നും ചോദിച്ചില്ല. ചോദിക്കാതെ കയറിപ്പറയേണ്ടെന്ന് കരുതി ഞാൻ മാറി നിന്നു. ഒടുവിൽ സൂപ്പർവൈസർ വന്നിട്ട് അവർക്കും പെട്ടെന്ന് കാര്യം പിടികിട്ടിയില്ല. അതോടെ ഞാനത്  വിശദീകരിച്ചുകൊടുത്തു. ഒരു നിമിഷം എല്ലാവരും സ്തം







ഭിച്ചുനിന്നു. ഇന്ത്യൻ നഴ്സിന്റെ അറിവ് കുറച്ചുകാണേണ്ട എന്ന് എന്നിലെ ആക്ടിവിസ്റ്റ് അവരോട് പറയാതെ പറയുകയായിരുന്നു. പോസിറ്റീവ് വശം മാത്രം സ്വീകരിച്ച്, നെഗറ്റീവ് വശം ശ്രദ്ധിക്കാതെ വിടുന്നതാണ് എപ്പോഴും നല്ലത്.

എന്നെ സംബന്ധിച്ച് കല്ലൂർക്കാട് എന്ന ജനിച്ചുവളർന്ന നാടിനോളം തന്നെ പ്രിയപ്പെട്ടതാണ് റോക്ക്ലാൻഡ് കൗണ്ടിയും. രണ്ടുതട്ടിലാക്കി കാണാൻ കഴിയില്ല. പേരിൽ പോലുമുണ്ടല്ലോ സാമ്യത.കല്ലുപോലെ കരുത്തുള്ള തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകാനും മറ്റുള്ളതൊക്കെ അവഗണിക്കാനും ഇരുനാടുകളും എന്നിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

**ഫെമിനിസത്തിൽ വിശ്വസിക്കുന്നുണ്ടോ?**

തുല്യതയിലാണ് വിശ്വസിക്കുന്നത്. പുരുഷന്മാർക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും സ്ത്രീകൾക്കും ലഭിച്ചിരിക്കണം. സ്ത്രീ ശാക്തീകരണത്തിനായി സദാ ശ്രമിക്കാറുണ്ട്. ഇന്ത്യൻ സ്ത്രീകൾ മുന്നോട്ട് വരാത്തതിന്റെ പ്രധാന കാരണം അവരുടെ മടി തന്നെയാണ്. വളർന്നുവന്ന സാഹചര്യങ്ങളാകാം പലരെയും അങ്ങനെയാക്കി തീർക്കുന്നത്.ഇത്രയും മതി എന്നുറപ്പിച്ച് കൈകെട്ടിയിരുന്നാൽ, ആരും ഒന്നും കൊണ്ടുവന്ന് തരില്ല. നമ്മൾ ഉണർന്ന് പ്രവർത്തിച്ചാൽ എന്തും നേടിയെടുക്കാം.





**മുപ്പതിലേറെ വർഷങ്ങളായി അമേരിക്കയിലെ നഴ്സിംഗ് രംഗത്തെ തിരക്കേറിയ ജീവിതത്തിനിടയിലും കമ്മ്യൂണിറ്റി പ്രവർത്തനങ്ങളിൽ സജീവമാണല്ലോ? ഏതൊക്കെ സംഘടനകളിൽ ഏതൊക്കെ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു?**

ന്യൂ സിറ്റി ലൈബ്രറി ട്രസ്റ്റി ബോർഡ് പ്രസിഡന്റ്,ഡെമോക്രാറ്റിക് കമ്മിറ്റി അംഗം,അമേരിക്കൻ അസോസിയേഷൻ ഓഫ് യൂണിവേഴ്സിറ്റി വിമൻ (AAUW) അംഗം, NAACP അംഗം, ന്യൂയോർക്ക് സ്റ്റേറ്റ് നഴ്സസ് അസോസിയേഷൻ (NYSNA) അംഗം, Nyack കോളേജ് ഉപദേശക സമിതി അംഗം,ജമൈക്കൻ അമേരിക്കൻ സിവിക് & കൾച്ചറൽ അസോസിയേഷൻ അംഗം എന്നിങ്ങനെ പല സംഘടനകളിലും സജീവമായി പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായി.

**യുഎസ് പൊളിറ്റിക്സിലേക്കുള്ള രംഗപ്രവേശം?**

നാഷണൽ അസോസിയേഷൻ ഓഫ് ദി അഡ്വാൻസ്മെന്റ് ഓഫ് കളേർഡ് പീപ്പിൾ എന്നൊരു സംഘടനയുണ്ടായിരുന്നു. 1987ൽ അതിന്റെ പ്രസിഡന്റുമായി ഉടലെ

ടുത്ത സൗഹൃദമാണ് പൊളിറ്റിക്സിലേക്ക് വഴിവെട്ടിയത്. അംഗത്വം എടുക്കാനും പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവരാണെന്നെ പ്രോത്സാഹിപ്പിച്ചത്. ഹെൽത്ത് ഫെയറുകൾ സംഘടിപ്പിക്കാനും ഡയബറ്റിസ് അടക്കമുള്ള രോഗങ്ങളെക്കുറിച്ച് ബോധവത്കരിക്കാനും ഞാൻ സജീവമായി പ്രവർത്തിച്ചിരുന്നു. ബ്ലഡ് പ്രെഷർ മോണിറ്ററിങ് പോലുള്ള സന്നദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു.

കമ്മ്യൂണിറ്റി പ്രവർത്തനങ്ങളിൽ ഞാൻ സജീവമായതുകൊണ്ട്, ഇന്ത്യക്കാരും മലയാളികളുമായ നഴ്സുമാർ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്നെ ബന്ധപ്പെടുമായിരുന്നു. അങ്ങനെയാണ് , 2005 ൽ ന്യൂയോർക്കിൽ ഇന്ത്യൻ നഴ്സസ് അസോസിയേഷൻ രൂപീകരിച്ചത്. ദേശിയ തലത്തിൽ NAINA (നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്ക) എന്ന സംഘടനയും തുടങ്ങി. നഴ്സ് പ്രാക്ടീഷണർ ആകാൻ എന്തൊക്കെ ചെയ്യണമെന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കായി ആളുകൾ ബന്ധപ്പെട്ടതോടെ അതിനുവേണ്ടിയും ഒരു അസോസിയേഷൻ തുടങ്ങി. നാട്ടിലും അമേരിക്കയിലും നഴ്സിംഗ് വിദ്യാഭ്യാസത്തിനായി സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നവർ സംഘടന സഹായിക്കുന്നുണ്ട്. കഴിവുള്ളവരെ കണ്ടെത്തി സ്കോളർഷിപ്പും നൽകിവരുന്നു. അമേരിക്കയിൽ ഭർത്താവിനൊപ്പം വീട്ടമ്മയായി ഒതുങ്ങേണ്ട പല സ്ത്രീകളെയും നഴ്സിംഗ് രംഗത്തേക്ക് വഴി തെളിച്ചുവിട്ടിട്ടുണ്ട്. സമയാസമയം ചായയും കാപ്പിയും ഭക്ഷണവും കിട്ടിയിരുന്നത്, ഭാര്യയ്ക്ക് ജോലിത്തിരക്കായതോടെ ഇല്ലാതായെന്ന ചില ഭർത്താക്കന്മാർ തമാശയായി പരാതി പറയുമ്പോൾ സന്തോഷം തോന്നും. 16 സ്റ്റേറ്റുകളിലെ നഴ്സുമാർ ഉൾപ്പെടുന്ന വലിയ സംഘടനയായി NAINA ഇന്ന് വളർന്നതിൽ അഭിമാനമുണ്ട്.

2000ൽ ലോക്കൽ അസോസിയേഷൻ പ്രസിഡന്റ് ആയിരിക്കെ തന്നെ രാഷ്ട്രീയത്തിൽ എനിക്ക് ഭാവിയുണ്ടെന്ന തരത്തിൽ നിരവധി പേർ പ്രോത്സാഹിപ്പിച്ചു. മത്സരിച്ചാലോ എന്ന് ആഗ്രഹിക്കും മുൻപേ തന്നെ മത്സരിക്കുന്നില്ലേ എന്നുള്ള സ്നേഹനിർബന്ധങ്ങൾ കേട്ടുതുടങ്ങി. ഹഡ്സൺ വാലി അസോസിയേഷന്റെ 20 വർഷത്തെ ചരിത്രത്തിലെ ആദ്യ വനിതാ പ്രസിഡന്റ് ആയതോടെ ആളുകൾക്ക് എന്നിലുള്ള പ്രതീക്ഷ വർദ്ധിച്ചു. സെബ്രോസ്കി സീനിയർ ക്ഷണിച്ച മീറ്റിംഗിൽ പങ്കെടുത്തത് വഴിത്തിരിവായി. അദ്ദേഹമാണ് എന്നോട് ഡെമോക്രാറ്റിക് പാർട്ടിയിൽ ചേരുന്നോ എന്ന് ചോദിച്ചത്. 2001ൽ ഡെമോക്രാറ്റിക് പാർട്ടിയിൽ ചേർന്നു. ഇതിന്റെ പിറകേ നടന്ന് പണം കളയണോ എന്ന് പിന്തിരിപ്പിച്ചവരുണ്ട്. എന്നാൽ, ഭർത്താവും സുഹൃത്തുക്കളും വിവിധ അസോസിയേഷനുകളും മികച്ച പിന്തുണ














നൽകിയതോടെ ധൈര്യമായി.

പാർട്ടി സപ്പോർട്ട് ഇല്ലാതെ ആദ്യ തവണ സ്വതന്ത്രയായി മത്സരിച്ചപ്പോൾ പരാജയപ്പെട്ടു. കുറെ പണം പോയെങ്കിലും പിന്മാറാൻ ഒരുക്കമായിരുന്നില്ല. ഇന്ത്യക്കാർക്ക് ഇത് സാധിക്കില്ലെന്നുള്ള തോന്നൽ മാറ്റണമെന്ന വാശിയായിരുന്നു മനസ്സിൽ. 2006 ൽ റോക്ക്ലാൻഡിലെ മികച്ച നഴ്സിനുള്ള അവാർഡ് ലഭിച്ചപ്പോഴും വാർത്തകളിൽ നിറഞ്ഞു. 2007ൽ ന്യൂ സിറ്റി ലൈബ്രറി ബോർഡിൽ അംഗമായിരുന്നു. രണ്ടുതവണ ട്രസ്റ്റി ബോർഡ് പ്രസിഡന്റായി. ആ സ്ഥാനത്തെത്തുന്ന ആദ്യ ഇന്ത്യക്കാരിയായിരുന്നു ഞാൻ.ഇലക്ഷനുമായി ബന്ധപ്പെട്ട് ചില വിവാദങ്ങൾ ഉയർന്നപ്പോഴും പത്രത്തിൽ ഫോട്ടോ സഹിതം വാർത്ത വന്നു. ഒരുകണക്കിന്, എന്നെക്കൂടുതൽ പേർ അറിഞ്ഞതും ശ്രദ്ധിച്ചുതുടങ്ങിയതും പോസിറ്റീവും നെഗറ്റീവുമായ വാർത്തകൾ അടിക്കടി പത്രത്തിന്റെ ഫ്രണ്ട് പേജിൽ വന്ന ശേഷമാണ്. 2009ലെ ഇലക്ഷന് വോട്ട് അഭ്യർത്ഥിക്കുമ്പോൾ, പരിചയപ്പെടുത്താതെ തന്നെ കൂടുതൽ ആളുകൾക്ക് എന്നെ മനസിലായി തുടങ്ങി. വോട്ട് അഭ്യർത്ഥിച്ചപ്പോൾ മറ്റൊരു രസകരമായ സംഭവവും ഉണ്ടായി. 20 വയസ്സുള്ള യുവതിയോട് എന്റെ പേര് പറഞ്ഞപ്പോൾ, അവരുടെ അമ്മയുടെ പ്രസവം എടുത്ത നഴ്സ് ഞാനാണെന്ന് തിരിച്ചറിഞ്ഞ് അവൾ വികാരാതീതയായി. സങ്കീർണമായ അവസ്ഥയിൽ,അവളുടെ കുഞ്ഞു




ജീവൻ രക്ഷിച്ചതിലുള്ള എന്റെ പങ്കിനെക്കുറിച്ച് അമ്മ പറഞ്ഞിട്ടുണ്ടെന്ന് കേട്ടപ്പോൾ വല്ലാത്ത സന്തോഷം തോന്നി.




**റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ എന്ന സ്ഥാനത്ത് എത്തിയപ്പോൾ?**

തിരഞ്ഞെടുപ്പിൽ പരാജയം രുചിച്ച അവസരങ്ങളിൽ പിന്മാറാതെ ഇരുന്നതുകൊണ്ടാണ് 2011 ൽ വിജയം സാധ്യമായത്. ന്യൂയോർക്കിൽ ഒരു മലയാളി ആദ്യമായി വിജയിച്ചതിന്റെ പേരിൽ എനിക്ക് മെമെന്റോ സമ്മാനിച്ചപ്പോൾ, വലിയ അഭിമാനം തോന്നി. എല്ലാ മലയാളി അസോസിയേഷനുകളും സ്വീകരണം നൽകുകയും ആദരിക്കുകയും ചെയ്തിരുന്നു.



തുടർച്ചയായ മൂന്നാം തവണയാണ് കൗണ്ടി ലെജിസ്‌ളേറ്ററായി തിരഞ്ഞെടുക്കപ്പെടുന്നത്. പതിനൊന്ന് വർഷമായി പ്രസ്തുത സ്ഥാനത്തിരുന്ന് റോക്ക്‌ലാൻഡ് കൗണ്ടിയെ സേവിക്കുന്നു. കൗണ്ടിയിലെ നിയമ നിർമ്മാണവും ഫണ്ടിങ്ങുമാണ് ലെജിസ്‌ളേറ്റർ എന്ന നിലയിൽ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ. വെള്ളപ്പൊക്കം പോലെ നാടിനെയും ജനങ്ങളെയും ബാധിക്കുന്ന ഏത് മോശം ഘട്ടത്തിലും ഇറങ്ങി പ്രവർത്തിക്കേണ്ടി വരും. ആളുകളുടെ പ്രശ്നങ്ങൾ നേരിട്ട് കണ്ടുമനസ്സിലാക്കി പരിഹരിക്കാൻ കഴിയുന്ന ഈ ജോലി ഞാൻ അങ്ങേയറ്റം ആസ്വദിക്കുന്നുണ്ട്.



**ഈ സ്ഥാനം ഏറ്റെടുത്ത ശേഷമുള്ള അഭിമാനകരമായ നേട്ടങ്ങൾ?**

ഓഗസ്റ്റ് മാസം ഇന്ത്യൻ പൈതൃക മാസമായി ആചരിക്കാനുള്ള ബിൽ പാസാക്കാൻ അവസരം ലഭിച്ചത് ഇന്ത്യക്കാരി എന്ന നിലയിൽ അഭിമാനത്തോടെ പറയാം. യുവാക്കളുടെ ആരോഗ്യത്തെക്കുറിച്ച് എനിക്കെന്നും ആകുലതയുണ്ട്. അവരാണല്ലോ നാളെയെ വാർത്തെടുക്കുന്നത്. അതുകൊണ്ടു തന്നെ, റോക്ക്‌ലാൻഡ് കൗണ്ടിയിൽ ടുബാക്കോ 21 എന്ന പ്രാദേശിക നിയമം ഏർപ്പെടുത്താൻ സാധിച്ചത് വലിയൊരു നേട്ടമായി കാണുന്നു. ഇ -സിഗരറ്റ് ഉൾപ്പെടെയുള്ള പുകയില്ല ഉൽപ്പന്നങ്ങൾ 21 വയസ്സിൽ താഴെ ഉള്ളവർക്ക് ഉപയോഗിക്കാൻ വിലക്കേർപ്പെടുത്തുന്നതാണ് ഈ നിയമം.

ന്യൂയോർക്ക് സംസ്ഥാനം കോവിഡിന്റെ പ്രഭവകേന്ദ്രമായിരുന്ന ഘട്ടത്തിൽ നഴ്‌സുമാർക്ക് ക്ഷാമം നേരിട്ടിരുന്നല്ലോ. പഴയ യൂണിഫോം ധരിച്ച് വീണ്ടും കളത്തിലിറങ്ങാൻ തോന്നിയിരുന്നോ?

എന്റെ ഉള്ളിൽ എന്നുമൊരു നഴ്‌സുണ്ട്. ആ സഹാനുഭൂതിയോടും ക്ഷമയോടും കൂടിയേ സഹജീവികളോട് പെരുമാറാറുള്ളൂ. കോവിഡ് സമയത്ത് തീർച്ചയായും കഴിയുന്നത് പോലെ ഇറങ്ങി പ്രവർത്തിച്ചിരുന്നു. മാസ്കുകൾ കുറവായിരുന്ന തുടക്ക സമയത്ത്, ബെഡ്ഷീറ്റ് കീറി സ്വയം തയ്ച്ച് മാസ്കുകൾ എത്തിച്ചുകൊടുത്തിട്ടുണ്ട്. നഴ്‌സുമാർ കുറവാണെന്ന് പറഞ്ഞ് എന്നെ ബന്ധപ്പെട്ട ആശുപത്രികളിലേക്ക് ഏജൻസി മുഖേനയും പരിചയമുള്ളവരെ വിളിച്ചുപറഞ്ഞും കഴിയുന്നത്ര സഹായങ്ങൾ നൽകി.

**കോവിഡ് കാലത്ത് കൃഷിയിലും സജീവമായിരുന്നല്ലോ?**

എനിക്കും ഭർത്താവിനും കൃഷിയോട് വലിയ താല്പര്യമാണ്. കോവിഡിന് മുൻപും പച്ചക്കറികളും ചെടികളും നട്ടുവളർത്തിയിരുന്നെങ്കിലും മഹാമാരിക്കാലത്ത് ഒന്നുകൂടി വിപുലമായി. നാട്ടിൽ വിളയുന്ന അച്ചിങ്ങാപ്പയറും, പാവയ്ക്കയും, ചീരയും,വെണ്ടയ്ക്കയും,തക്കാളിയും തുടങ്ങി ക്യാ




ബേജ്, കോളിഫ്ലവർ,കാപ്സികം പോലുള്ളവയും ഇവിടെ സുലഭമായി വിളയുന്നതിന്റെ പേരിൽ കർഷകശ്രീ അവാർഡും ലഭിച്ചു. ചുറ്റുവട്ടത്തുള്ളവർക്കൊക്കെ വിഷമില്ലാത്ത പച്ചക്കറികൾ വിതരണം ചെയ്യാൻ സാധിക്കുന്നതാണ് എന്റെ സന്തോഷം.

**കോവിഡ് കാലയളവിൽ മറ്റെന്തൊക്കെ കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നു?**

കോവിഡ് സമയത്ത് മറ്റൊന്നും ചെയ്യാനില്ലാതെ ഏറ്റവും മനസ്സ് മടുത്തത് പ്രായമായവർക്കാണ്. അതുകൊണ്ടുതന്നെ, അങ്ങനെയുള്ളവർക്ക് വേണ്ടി ഒരു ഗ്രൂപ്പ് തുടങ്ങി. തിങ്കൾ മുതൽ വെള്ളി പ്രത്യേക വ്യായാമങ്ങളിലൂടെ ആരോഗ്യകരമായ ജീവിതക്രമം പിന്തുടരാനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. കൃഷിയുടെ പാഠങ്ങളും അവരെ പഠിപ്പിച്ചുകൊടുത്തു. തയ്യൽ ക്ലാസുകളും ഉണ്ടായിരുന്നു. പലരും ക്രോഷ്യ ബ്ലാങ്കറ്റുകളും ഷോളുകളും വരെ ഉണ്ടാക്കി, ആ സമയം ആസ്വാദ്യകരമാക്കി.കുക്കിങ് ക്ലാസ്സുകളും ഉണ്ടായിരുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് എജ്യുക്കേഷൻ ഓഫ് റോക്ക്ലാൻഡ് എന്നൊരു സംഘടനയും തുടങ്ങി. ഇതിലൂടെ റേഡിയോ ടോക്കുകൾ നടത്തി. ഇന്ത്യൻ കൾച്ചറൽ ഹെറിറ്റേജ് ആൻഡ് ആർട്സ് അവെയർനെസ് ക്ലബ്ബും (ഇച്ഛ ക്ലബ്) രൂപീകരിച്ചു. സമയം കിട്ടുമ്പോൾ എഴുതാറുണ്ട്. അധികവും കവിതകളാണ്. മലയാളത്തിലെ ചില കവിതകൾ ഇ-മലയാളിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കേരളവുമായുള്ള ബന്ധം?**

കേരളത്തെ മറന്നുകൊണ്ട് എനിക്കൊരു ജീവിതമില്ല. വർഷത്തിലൊരിക്കൽ നാട്ടിൽ പോകാൻ ശ്രമിക്കാറുണ്ട്. ഈ ഒക്ടോബറിൽ മകളുടെയും മരുമകന്റെയും കൂടെ അവിടെ ഒരു കല്യാണം കൂടാൻ പ്ലാൻ ചെയ്തിട്ടുണ്ട്.




ഞാൻ പഠിച്ച സ്കൂളിൽ മാതാപിതാക്കളുടെ പേരിലും പഠിച്ച കോളജിൽ എന്റെ പേരിലും സാമ്പത്തിക ബുദ്ധിമുട്ടുള്ള മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. കോവിഡ് സമയത്ത് പതിനായിരത്തോളം മാസ്കുകളും, വെന്റിലേറ്ററുകൾ ഉൾപ്പെടെ ലക്ഷങ്ങളുടെ മെഡിക്കൽ സാമഗ്രികൾ നാട്ടിലേക്ക് എത്തിക്കാൻ നേതൃത്വം നൽകി.

**ഭാവി പരിപാടികൾ?**

കവിതാസമാഹാരം ഇറക്കണമെന്ന് ആഗ്രഹമുണ്ട്. പൊളിറ്റീഷ്യൻ എന്ന നിലയിലെ അനുഭവങ്ങൾ പുസ്തകമാക്കാനും ആലോചന നടക്കുന്നു. കുന്നോളം സ്വപ്നം കണ്ടാലേ, കുന്നിക്കുരുവോളമെങ്കിലും ലഭിക്കൂ എന്നാണല്ലോ ചൊല്ല്. ഒരുപാട് വലിയ സ്വപ്നങ്ങൾ കാണുന്നുണ്ട്. അവയൊക്കെ നടക്കാൻ പ്രയത്നിക്കുകയും ചെയ്യും. ബാക്കി ദൈവത്തിന് വിടുന്നു.